**കേരള സർക്കാർ**

നമ്പർ:H-3/103/2023-ധന- പാർട്ട്(1)
(3377805)

ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്
തിരുവനന്തപുരം, 03.02.2026

## അനൗദ്യോഗിക കുറിപ്പ്

വിഷയം:- 01.02.2026-ന് മെഡിസെപ് രണ്ടാം ഘട്ടം ആരംഭിക്കുന്നതു സംബന്ധിച്ച് ഒരു പത്രകുറിപ്പ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) 20.01 2026 തീയതിയിലെ സ ഉ(പി)നം 05/2026/ധന ഉത്തരവ്
2) 21.01.2026 തീയതിയിലെ സ ഉ(പി)നം 07/2026/ധന ഉത്തരവ്

മെഡിസെപ് ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള 12 സ്വകാര്യ ആശുപത്രികൾ, സംസ്ഥാനത്തിനകത്തുള്ള ആതുരശുശ്രൂഷ രംഗത്ത് മികച്ച സേവനം നൽകികൊണ്ടിരിക്കുന്ന 472 സഹകരണ-സ്വകാര്യ ആശുപത്രികൾ, 145 സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളും ആർ.സി.സി, എം.സി.സി ഉൾപ്പെടുന്ന ഒരു ബൃഹദ് ആശുപത്രി ശൃംഖലയാണ് പദ്ധതിയുടെ മുതൽക്കൂട്ട്. 2026 ജനുവരി വരെ 12,81,028 ക്ലെയിമുകൾക്ക് 2241.87 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 2417 അവയവമാറ്റ ശസ്ത്രക്രിയ ചികിത്സകൾക്കായി 75.93 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിൽ തന്നെയും അവയവമാറ്റ ശസ്ത്രക്രിയകൾക്കായി അനുവദിച്ച തുകയുടെ ഭൂരിഭാഗവും വയോജനങ്ങളാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്. കാൽമുട്ട് മാറ്റിവയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ എന്നീ ചികിത്സകൾക്ക് ചെലവായ തുകയുടെ കണക്കുകളിൽ നിന്നും ഇത് വ്യക്തമാണ്. പദ്ധതിയുടെ വിശദ വിവരങ്ങൾക്കും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി ഒരു സ്വതന്ത്ര വെബ്പോർട്ടൽ (www.medisep.kerala.gov.in) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉത്തരവുകൾ, ഗുണഭോക്താക്കൾ അറിയേണ്ട കാര്യങ്ങൾ, പരാതി പരിഹാര പോർട്ടൽ, പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ എന്നിവ ഏതൊരു സാധാരണക്കാരനും വിരൽ തുമ്പിൽ ലഭ്യമാകുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഒരു കൈപുസ്തകവും പ്രസിദ്ധീകരിക്കുകയുണ്ടായി. പദ്ധതി കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനായി 01.05.2023 -ൽ മെഡിസെപ് മൊബൈൽ ആപ്പ് ലഭ്യമാക്കുകയുണ്ടായി. കേരള ജനസംഖ്യയുടെ 10% ത്തോളം പേർക്ക് ആരോഗ്യ

ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്ന അഭിമാനകരമായ പദ്ധതിയായി കഴിഞ്ഞ മൂന്നു വർഷം കൊണ്ട് മെഡിസെപ് മാറിക്കഴിഞ്ഞു.

പരസ്യത്തിൽ ഉൾക്കൊള്ളിക്കുന്നതിനായി പദ്ധതിയുടെ 02.01.2026 വരെയുള്ള കണക്കുകൾ ഉള്ളടക്കം ചെയ്യുന്നു.

| DATA AS ON | | 02-Jan-2026 | |
|---|---|---|---|
| S No | Details | No | Amount |
| 1 | Total claims reported | 1,419,055 | 23,519,833,568 |
| | Government | 116,568 | 1,612,480,717 |
| | Private | 1,302,487 | 21,907,352,851 |
| 2 | No of claims approved | 1,281,028 | 22,418,728,562 |
| | Government | 94,805 | 1,426,997,477 |
| | Private | 1,186,223 | 20,991,731,085 |
| 3 | No of claims in query stage & under Preauth cases | 7,464 | 107,661,059 |
| | Government | 2,370 | 31,112,368 |
| | Private | 5,094 | 76,548,691 |
| 4 | No of claims rejected | 130,561 | 993,409,796 |
| | Government | 19,393 | 154,370,872 |
| | Private | 111,168 | 839,038,924 |

| S No | Total claims settled to Hospitals | No | Amount |
|---|---|---|---|
| 1 | a)Private | 1,174,362 | 20,790,461,116 |
| 2 | b)Public | 93,827 | 1,412,773,900 |
| | Total | 1,268,189 | 22,203,235,016 |

| S No | Reimbursement Claims | No | Amount |
|---|---|---|---|
| 1 | a)Reimbursement Claims Paid | 2,382 | 142,618,666 |
| 2 | b)Reimbursement Claims Rejected | 8,260 | - |
| | Total | 10,642 | 142,618,666 |

| S No | Catastrophic package | No | Amount |
|---|---|---|---|
| 1 | Approved | 2,417 | 759,338,083 |
| 2 | Paid | 2,394 | 741,054,043 |
| S No | Total claims (Catastrophic package) | 2,417 | 759,338,083 |

## മെഡിസെപ് 2.0

Dr. ശ്രീറാം വി. ഐ.എ.എസ്. -ന്റെ നേതൃത്വത്തിൽ രൂപീകരിച്ച മെഡിക്കൽ expert committee യുടെ ശിപാർശകൾ അംഗീകരിച്ച കൊണ്ട് കൂടുതൽ മേച്ചപ്പെട്ട രീതിയിൽ രണ്ടാം ഘട്ടം 01.02.2026 മുതൽ ആരംഭിച്ച കഴിഞ്ഞു. പ്രതിമാസ പ്രീമിയമായ 687/- രൂപ എല്ലാ സർക്കാർ ജീവനക്കാരുടെയും സർവ്വീസ് പെൻഷനേഴ്സിന്റെയും monthly gross entitlement ൽ നിന്നും ഈടാക്കുന്നതാണ്.

### മെഡിസെപ് - രണ്ടാം ഘട്ടം സവിശേഷതകൾ

- അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി വർദ്ധിപ്പിച്ചു.
- പോളിസി കാലയളവ് 2 വർഷമാണ്. ഒന്നാം പോളിസി വർഷം 01.02.2026 മുതൽ 31.1.202/7 വരെയും രണ്ടാം പോളിസി വർഷം 01.02.2027 മുതൽ 31.1.2028 വരെയുമാണ്.
- കൂടുതൽ ആശുപത്രികളെയും ഓരോ ആശുപത്രിയിലും ലഭ്യമായ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യുന്നതാണ്.
- നിലവിലെ പാക്കേജിനു പകരം ദേശീയതലത്തിൽ അംഗീകരിച്ച HBP 2022 (Health Benefit Package developed by National Health Authority) അടിസ്ഥാനമാക്കിയിട്ടുള്ള പാക്കേജുകളും നിരക്കുകളുമാണ് രണ്ടാം ഘട്ടത്തിൽ സ്വീകരിച്ചിരിക്കുന്നത്.
- മെഡിക്കൽ സർജിക്കൽ പാക്കേജുകൾ ഉൾപ്പെടെ നിലവിലുള്ള 1920 പാക്കേജുകളുടെ സ്ഥാനത്തു 2516 ഓളം പാക്കേജുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്.
- മുറി വാടക പ്രതിദിനം 5000/- രൂപ വരെ ലഭ്യമാകുന്നതാണ്. സർക്കാർ ആശുപത്രികളിൽ പേ വാർഡ് വാടക പ്രതിദിനം 2000/- വരെ ലഭ്യമാകുന്നതാണ് .
- ഒരേ സമയം, സർജിക്കൽ, മെഡിക്കൽ പാക്കേജുകൾക്ക് പരിരക്ഷ ലഭ്യമാകുന്നതാണ്.
- മെഡിക്കൽ പാക്കേജുകൾക്ക് Basic rate ന ഉപരിയായി High End Medicines, Diagnostics എന്നിവയ്ക്ക് പ്രത്യേക തുക നിശ്ചയിക്കുകയും ആയത് ഇതിനോടൊപ്പം ലഭ്യമാകുന്നതുമാണ്.
- തുടർച്ചയായി ചികിത്സ തേടേണ്ട ഡേ കെയർ പ്രൊസീജയറുകളായ

ഗുരുതര / അവയവ മാറ്റ ചികിത്സകൾക്ക് 3 ലക്ഷം രൂപയുടെ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷക്ക് പുറമേ 20 ലക്ഷം രൂപയുടെ ക്ലെയിം വരെ ലഭ്യമാകുന്നുവെന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ ആകർഷണം.

ഒന്നാം ഘട്ടത്തിൽ ഈയിനത്തിൽ ലഭ്യമായ ക്ലെയിമുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുരുതര/അവയവമാറ്റ ചികിത്സകൾക്ക് നൽകിയ പരിരക്ഷ | അനുവദനീയമായ പാക്കേജ് തുക | എണ്ണം | അംഗീകാരം നൽകിയ തുക |
|---|---|---|---|---|
| 1. | കാൽമുട്ട് മാറ്റിവയ്ക്കൽ | 3 ലക്ഷം | 2,205 | 385,785,490 |
| 2. | ഇടുപ്പെല്ല് മാറ്റിവയ്ക്കൽ | 4 ലക്ഷം | 162 | 29,000,555 |
| 3. | കരൾമാറ്റിവയ്ക്കൽ | 18 ലക്ഷം | 168 | 218,302,612 |
| 4. | വൃക്ക മാറ്റിവയ്ക്കൽ | 3 ലക്ഷം | 122 | 32,413,339 |
| 5. | CARDIAC RESYNCHRONISATION THERAPY (CRT)with defibrillator | 6 ലക്ഷം | 55 | 20,768,492 |
| 6. | Bone Marrow Transplantation/Stem Cell Transplantation (related) | 9.46 ലക്ഷം | 79 | 43,801,606 |
| 7. | ICD-DUAL CHAMBER | 5 ലക്ഷം | 69 | 22,699,718 |
| 8. | Bone Marrow Transplantation/Stem Cell Transplantation(unrelated/Haploidentical) | 17 ലക്ഷം | 30 | 23,507,903 |
| 9. | കോക്ലിയാർ ഇംപ്ലാന്റേഷൻ | 6.39 ലക്ഷം | 33 | 16,636,000 |
| 10. | Auditory Brain Stem Implant | 18.24 ലക്ഷം | - | - |
| 11. | Isolated Heart/Isolated Lung Transplant | 15 ലക്ഷം | 1 | 1,500,000 |
| 12. | Heart Lung Transplant/Double Lung Transplant | 20 ലക്ഷം | 1 | - |
| **Grand Total** | | | **2,925** | **794,415,714** |

ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ലഭ്യമാകുന്നതാണ്.

- മുട്ട് മാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ എന്നീ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയത് ഒഴിവാക്കി സ്വകാര്യ ആശുപത്രികളിലും ലഭ്യമാകുന്നതാണ്.

- പത്ത് (10) ഗുരുതര/അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള അധിക പരിരക്ഷ അടുത്ത ഘട്ടത്തിലും തുടരുന്നതാണ്. ഇതിനായി രണ്ടു വർഷത്തേക്ക് 40 കോടി രൂപ ഇൻഷ്വറൻസ് കമ്പനി മാറ്റി വയ്ക്കുന്നതാണ്.

- രണ്ടാം വർഷം പാക്കേജ് നിരക്കിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

- റോഡപകടം , ഹൃദയാഘാതം, പക്ഷാഘാതം എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങളിൽ നോൺ എമ്പാനൽ ആശുപത്രികളിൽ നടത്തിയ ചികിത്സകൾക്ക് മെഡിസെപ്പിൽ നിന്നും നല്കി വരുന്ന റീഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനു 10 അധിക ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

- ത്രിതല പരാതി പരിഹാര സംവിധാനം KPHA (Kerala Private Hospital Association), IMA (Indian Medical Association) പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്.

- ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, JIPMER എന്നീ സ്ഥാപനങ്ങൾ എമ്പാനൽ ചെയ്യാത്ത പക്ഷം പ്രസ്തുത ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്ക് മെഡിസെപ്പിൽ നിന്നും റീഇംപേഴ്സ്മെന്റ് ലഭ്യമാകുന്നതാണ്.

സാധാരണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിലെ പ്രീമിയം നിശ്ചയിക്കുന്നതിനു അടിസ്ഥാനമാക്കുന്ന ഘടകങ്ങളായ പ്രായം, നിലവിലുള്ള അസുഖങ്ങൾ, ജീവിത ശൈലി രോഗങ്ങൾ, തൊഴിൽ മേഖല എന്നിവയൊന്നും കണക്കിലെടുക്കാതെ risk pooling ചെയ്തു കൊണ്ട് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പാക്കേജുകളും നിരക്കുകളും അടിസ്ഥാനമാക്കിയിട്ടുള്ള പരിരക്ഷയാണ് ലഭ്യമാക്കുന്നത്. ആയതു കൊണ്ട് തന്നെ പാക്കേജ് നിരക്കുകൾ അംഗീകരിക്കുന്ന ആശുപത്രികളെ പദ്ധതിയിൽ എമ്പാനൽ ചെയ്യുകയും എമ്പാനൽ ചെയ്ത ആശുപത്രികളിലെ ചികിത്സകൾക്ക് പണരഹിത ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

24.1.2026 തീയതിയിലെ സർക്കുലർ നം. 4/2026/ധന -യിലെ നിർദ്ദേശങ്ങൾ പാലിച്ച

കൊണ്ട് ഫെബ്രുവരി 1 തീയതി മുതൽ ഗുണഭോക്താക്കൾക്ക് മെഡിസെപ് ഐ.ഡി. കാർഡ് download ചെയ്യാവുന്നതും ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ഉണ്ടെങ്കിൽ **25.02.2026** വരെ അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതുമാണ് .

പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും www.medisep.kerala.gov.in യിൽ ലഭ്യമാണ്. സംശയങ്ങൾക്ക് ചുവടെ ചേർക്കുന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

1800-425-0437

1800-425-1857

കാർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ബന്ധപ്പെട്ട ഡി.ഡി.ഒ./ ട്രഷറി ഓഫീസർ വഴി info.medisep@kerala.gov.in ലേക്ക് ഇമെയിൽ ചെയ്യേണ്ടതാണ്.

**നൗഷാദ് എ.**
**അഡീഷണൽ സെക്രട്ടറി**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ